(ബി) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിക്കുള്ളിൽനിന്ന് പദ്ധതിക്ക് അനുമതി കിട്ടാൻ സാദ്ധ്യതയുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ് ; ഇതിൽ എന്തു തുടർനടപടിയാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അനുമതി ലഭിക്കാനിടയുണ്ട്.

(സി) പശ്ചിമഘട്ട മലനിരയുടെ സംരക്ഷണത്തിനായി നിയോഗിച്ച വിദഗ്ദ്ധ സമിതി (Western Ghats Ecology Expert Committee-WGEEP) സമർപ്പിച്ച റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ മുമ്പാകെ ഗോവ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയും മറ്റും നൽകിയ ഹർജി 26/2012 നിലവിലുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് WP(C) No. 31022/2007, 30801/2007 എന്നീ കേസ്സുകളും ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് W.A. 197/2008 എന്ന കേസും നിലവിലുണ്ട്.

(ഡി) പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുന്നതാണ്. കസ്തൂരിരംഗൻ സമിതിയുടെ ശിപാർശപ്രകാരം പ്രസ്തുത പദ്ധതിയുടെ ജൈവവൈവിദ്ധ്യത പരിശോധിച്ച് മിനിമം ഇക്കോളജിക്കൽ ഫ്ളോ നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദനത്തോത് നിർണ്ണയിക്കുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്ന മുറയ്ക്ക് പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സൗരോർജ്ജോപയോഗം സാർവ്വത്രികമാക്കാൻ നടപടി

30 (*630) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് കൊല്ലത്തിനകം സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് സൗരോർജ്ജം പുതുതായി ഉപയോഗിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ വ്യവസായസ്ഥാപനങ്ങൾക്ക് സൗരോർജ്ജം ലഭ്യമാക്കുന്നതിനായി എത്ര കോടി രൂപ ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനെർട്ട്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സൗരോർജം ഗാർഹിക ഉപഭോക്താവിന് സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കഴിഞ്ഞ മൂന്ന് കൊല്ലത്തിനകം സൗരോർജ്ജ മേഖലയിൽ അനെർട്ട് മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു :

1. 2012-13 വർഷം തുടക്കമിട്ട പതിനായിരം റൂഫ്ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിപ്രകാരം ആകെ 10 മെഗാവാട്ട് സൗരവൈദ്യുതി ഉൽപ്പാദനം ലക്ഷ്യമിട്ടതിൽ ഇതേവരെ 6400 എണ്ണം പൂർത്തിയാകുക വഴി 6.4 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചു. ബാക്കിയുള്ള പ്ലാന്റുകളുടെ പൂർത്തീകരണത്തിന് നടപടികൾ പുരോഗമിക്കുന്നു.

2. 28 അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് ആകെ 298.36 കിലോവാട്ട് ശേഷിയുള്ള റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

3. കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് 4 സർക്കാർ സ്ഥാപനങ്ങളിൽ എറണാകുളം കളക്ടറേറ്റ് (100 കിലോവാട്ട്), ചേർത്തല താലൂക്ക് ആശുപത്രി (45 കിലോവാട്ട്), ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി (25 കിലോവാട്ട്), പന്നി വളർത്തൽകേന്ദ്രം, മണ്ണുത്തി (4 കിലോവാട്ട്) ആകെ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

4. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് താഴെപ്പറയുന്ന 8 സർക്കാർ സ്ഥാപനങ്ങളിൽ 115 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകളുടെ പണി പൂർത്തിയായിവരുന്നു.

| | | | |
|---|---|---|---|
| (1) | Women's and Children's Hospital,Thycaud | - | 40 KW |
| (2) | Planning Board, Pattom | - | 20 KW |
| (3) | Medical College Hospital, Tvpm | - | 20 KW |
| (4) | Thyczud House, TVPM | - | 2 KW |
| (5) | Manmohan Bunglow, TVPM | - | 3 KW |
| (6) | AG's Office, TVPM | - | 10 KW |
| (7) | ANERT HQ., TVPM | - | 15 KW |
| (8) | Cliff House, TVPM | - | 5 KW |
| | Total | - | 115 KW |



LIBRARY ARCHIVES Kerala Legislative Assembly

5. 2012-13 വർഷം 28000 സി.എഫ്.എൽ. സൗരോർജ്ജ റാന്തലുകൾ കേരളത്തിലെ എല്ലാ ജില്ലകളിലുമായി വിതരണം ചെയ്തു. കൂടാതെ 579 സൗരോർജ്ജ എൽ.ഇ.ഡി. തെരുവുവിളക്കുകളും സ്ഥാപിക്കുകയുണ്ടായി. 2013-14 വർഷത്തിൽ ഉൾപ്പെടുത്തിയ 33000 സോളാർ ലാന്റേണുകൾ വിതരണം ചെയ്യുവാനും 1100 സോളാർ എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കാനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ വ്യവസായസ്ഥാപനങ്ങൾക്ക് സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി 68,65,366 രൂപ കേന്ദ്ര സബ്സിഡി വിഹിതമായി അനെർട്ട്വഴി ലഭ്യമായിട്ടുണ്ട്.

(സി) ഗാർഹികഉപഭോക്താക്കൾക്ക് സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിനായി അനെർട്ട്വഴി ഒരു സൗരോർജ്ജ റാന്തലിന് 1,000 രൂപ സബ്സിഡി നിരക്കിൽ 28000 സൗരോർജ്ജ റാന്തലുകൾ കേരളത്തിലാകമാനം വിതരണം ചെയ്യാൻ സാധിച്ചു. ഈവർഷം 33000 സൗരോർജ്ജ റാന്തലുകൾ 750 രൂപ സബ്സിഡി വിഹിതംകഴിഞ്ഞ് 1,520 രൂപ നിരക്കിൽ കേരളത്തിലാകമാനം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

10000 സോളാർ റൂഫ്ടോപ്പ് പദ്ധതിക്ക് കേന്ദ്ര സർക്കാർ സബ്സിഡിയായി 53,262 രൂപയും കേരള സർക്കാർ സബ്സിഡിയായി 39,000 രൂപയും നൽകിവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി ബോർഡിൽ 'മിഷൻ 676'

1 (6452) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മിഷൻ 676' പദ്ധതി പ്രഖ്യാപനത്തിൽ വൈദ്യുതിയുല്പാദന വർദ്ധനയ്ക്കായി എന്തെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിൽ വൈദ്യുതിബോർഡിന്റെ ബാധ്യതകൾ തീർക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) 'മിഷൻ 676' കാലഘട്ടത്തിൽ ലോഡ്ഷെഡിംഗ് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(ഡി) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതി നിരക്ക് കൂട്ടാതിരിക്കാൻ സഹായിയായി എന്തെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതിബോർഡിലെ ധൂർത്ത് ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly